ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 7 വെറ്ററിനറി ഡിസ്പെൻസറികളും ഒരു വെറ്ററിനറി പോളിക്ലിനിക്കുമാണുള്ളത്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു :

1. വെറ്ററിനറി ഡിസ്പെൻസറി, തെക്കാട്
2. വെറ്ററിനറി ഡിസ്പെൻസറി, പാവറട്ടി
3. വെറ്ററിനറി ഡിസ്പെൻസറി, വെങ്കിടങ്ങ്
4. വെറ്ററിനറി ഡിസ്പെൻസറി, മണലൂർ
5. വെറ്ററിനറി ഡിസ്പെൻസറി, മുല്ലശ്ശേരി
6. വെറ്ററിനറി ഡിസ്പെൻസറി, എളവള്ളി
7. വെറ്ററിനറി ഡിസ്പെൻസറി, നരിംപുർ
8. വെറ്ററിനറി പോളിക്ലിനിക്, അന്തിക്കാട്

(ബി) ഒരു താലൂക്കിൽ ഒരു വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനാണ് വകുപ്പുമിട്ടിട്ടുള്ളത്. തൃശ്ശൂർ താലൂക്കിൽ നിലവിൽ ഇപ്പോൾത്തന്നെ അന്തിക്കാട് വെറ്ററിനറി പോളിക്ലിനിക് പ്രവർത്തിച്ചുവരുന്നു. അതിനാൽ മുല്ലശ്ശേരിയിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുന്നകാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ

85 (2563) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 2008-ലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം വന്നപ്പോൾ ഉണ്ടായിരുന്ന ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ;

(ബി) 2008, 2009, 2010 വർഷങ്ങളിൽ പ്രസ്തുതജില്ലയിൽ ഈ തസ്തികയിൽനിന്നും എത്രപേർ വിരമിച്ചു ; ഓരോ വർഷത്തെയും വിവരങ്ങൾ പ്രത്യേകം നൽകുമോ ;

(സി) 2008, 2009, 2010 വർഷങ്ങളിൽ എത്രപേർക്ക് ഈ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 2008, 2009, 2010 വർഷങ്ങളിൽ ഈ ജില്ലയിൽനിന്ന് എത്രപേർക്ക് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ തസ്തികയിൽ 2011 മാർച്ച് മാസം വിരമിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ ;

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആന്റിസിപ്പേറ്റഡ് വേക്കൻസി ഉൾപ്പെടെ ആകെ 41 ഒഴിവുകൾ ഉണ്ട്.

(ബി) 2008,2009,2010 വർഷങ്ങളിലായി ആകെ 6 പേർ വിരമിച്ചു, വർഷം തിരിച്ചുള്ള എണ്ണം താഴെ പറയും പ്രകാരമാണ് :

2008–2

2009–1

2010–3

(സി) 2008–2009 വർഷങ്ങളിൽ ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. എന്നാൽ 2010-ൽ ഒരാൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) 2008,2009,2010 വർഷങ്ങളിൽ ഈ ജില്ലയിൽനിന്നും മൂന്ന് പേർക്ക് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്.

2008	1
2009	1
2010	1

(ഇ) ഈ തസ്തികയിൽ 2011 മാർച്ച് മാസം 2 പേർ വിരമിക്കുന്നു.

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് മലപ്പുറം ജില്ലയിൽ നിന്നും നിലവിൽ 45 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി

86 (2564) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. 2009 ജൂൺ 26-ാം തീയതി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് എഴുത്തുപരീക്ഷ നടത്തുകയും, 2010 ഒക്ടോബർ 15-ാം തീയതി സാധ്യതാ ലിസ്റ്റ് നിലവിൽ വരികയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധ്യതാ ലിസ്റ്റിൽനിന്നും ആലപ്പുഴ ജില്ല ഒഴികെയുള്ള ജില്ലകളിൽ നിയമനം നടത്തുകയും എന്നാൽ ആലപ്പുഴ ജില്ലയിൽ നാളിതുവരെ റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ നിയമനം നടത്തുകയോ ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly